ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് നാളെ തുടക്കമാകും; ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങൾ സന്ദർശിക്കും.
   **Prime Minister Narendra Modi's three-nation tour to begin tomorrow; PM will visit Indonesia, Australia, and New Zealand.**
2. അറബ് രാഷ്ട്രങ്ങളിലേക്കുള്ള സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് യാത്ര തിരിക്കും.
   **External Affairs Minister S. Jaishankar to embark on a visit to Arab nations today.**
3. ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്ന ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് ഒരുങ്ങി കൊച്ചി; വനിതാ പ്രവർത്തക സമിതിയോഗം നാളെ ആരംഭിക്കും.
   **Kochi is all set to host the BRICS Women Ministerial Meeting under India's chair; BRICS Women's Working Group meeting to begin tomorrow.**
4. കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; വടക്കൻ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; കേരളം - കർണാടക- ലക്ഷദീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**IMD forecasts heavy rain and strong winds in Kerala in the coming days; Yellow alert issued for northern districts today; fishing banned along Kerala-Karnataka-Lakshadweep coasts.**

5. **അമേരിക്കയിൽ ഉടനീളം കടുത്ത ഉഷ്ണതരംഗം വർധിക്കുന്നതായി റിപ്പോർട്ട്.**

**Severe heatwave intensifying across the United States.**

6. **ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇടം പിടിച്ച് ഫ്രാൻസ്; ഐസിസി വനിതാ ടി- ട്വന്റി ലോകകപ്പ് ഫൈനൽ ഇന്ന്.**

**France secures a spot in the FIFA World Cup quarterfinals; ICC Women's T20 World Cup final today.**

❁✠❁✠❁✠❁✠❁✠❁✠❁ ❁✠❁✠❁✠❁✠

## PM-VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് നാളെ തുടക്കമാകും. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളിൽ ആറു ദിവസത്തെ സന്ദർശനം നടത്തും.

വിശദാംശങ്ങളിലേക്ക്......

(ഹോൾഡ്-വോയ്സ്)

പ്രസിഡന്റ് പ്രബോവോ സുബിയാന്തോയുടെ ക്ഷണപ്രകാരം ഈ മാസം 6 മുതൽ 8 വരെയാണ് പ്രധാനമന്ത്രി ഇന്തോനേഷ്യയിൽ ഔദ്യോഗിക സന്ദർശനം നടത്തുന്നത്. ശ്രീ മോദിയുടെ നാലാമത് ഇന്തോനേഷ്യൻ സന്ദർശനമാണിത്. പ്രസിഡന്റ് സുബിയാന്തോയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുന്ന പ്രധാനമന്ത്രി തന്ത്രപരമായ പങ്കാളിത്തത്തിന് കീഴിലുള്ള പ്രധാന മേഖലകളിലെ പുരോഗതി വിലയിരുത്തുകയും ചെയ്യും. ജക്കാർത്തയിൽ ഇന്ത്യൻ സമൂഹത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും. വിദേശ പര്യടനത്തിന്റെ രണ്ടാം പാദത്തിൽ, ഈ മാസം 8 മുതൽ 10 വരെ പ്രധാനമന്ത്രി ഓസ്ട്രേലിയ സന്ദർശിക്കും. തുടർന്ന് ന്യൂസിലൻഡിലും ഔദ്യോഗിക സന്ദർശനം നടത്തും.

ന്യൂസ്ഡെസ്ക്, ആകാശവാണി....

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁ ❁✠❁

## PM - VIKSIT UDAN

വ്യോമയാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രാദേശിക വ്യോമ സർവീസ് പദ്ധതിയുടെ അടുത്ത ഘട്ടമായ 'വികസിത് ഉഡാൻ' പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഉദ്ഘാടനം ചെയ്തു. 'വികസിത് ഉഡാൻ' പദ്ധതിയുടെ തുടക്കം ഇന്ത്യയുടെ പ്രാദേശിക വ്യോമയാന മേഖലയിൽ പുതിയൊരു അധ്യായം കുറിക്കുമെന്ന് വ്യോമയാന മന്ത്രി രാം മോഹൻ നായിഡു വ്യക്തമാക്കി. പദ്ധതിയുടെ ഭാഗമായി നൂറിലധികം പുതിയ വിമാന ത്താവളങ്ങളും ഇരുനൂറോളം ഹെലിപാഡുകളും വികസിപ്പിക്കും.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## JAISHANKAR - SIX NATION VISIT

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ ഖത്തർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഈ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നതോടൊപ്പം പ്രാദേശിക വികസനങ്ങളെയും പരസ്പര താൽപ്പര്യമുള്ള വിഷയങ്ങളെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൈമാറാനുള്ള അവസരവും ഈ സന്ദർശനം നൽകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഈ മാസം 13 ന് ന്യൂയോർക്ക് സന്ദർശിക്കുന്ന അദ്ദേഹം മൂന്നാമത് ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാര സാങ്കേതിക കൗൺസിൽ യോഗത്തിൽ പങ്കെടുക്കും. തുടർന്ന് ബ്രസ്സൽസിൽ യൂറോപ്യൻ യൂണിയൻ, ബെൽജിയൻ പ്രതിനിധികളുമായി വിദേശകാര്യ മന്ത്രി സംവദിക്കും.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## RIJIJU- MONSOON SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 20 മുതൽ ഓഗസ്റ്റ് 13 വരെ ചേരും. ഇത് സംബന്ധിച്ച സർക്കാരിന്റെ ശിപാർശയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകിയതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. ദേശീയ പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ ഊന്നിയുള്ള ചർച്ചകൾക്കും തീരുമാനങ്ങൾക്കുമാകും ഈ സമ്മേളനത്തിൽ മുൻഗണന നൽകുക.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## GOVT - ONION PRICE

സവാളയുടെ സംഭരണ വില 13 ശതമാനം വർദ്ധിപ്പിച്ചതായി കേന്ദ്ര സർക്കാർ. ക്വിന്റലിന് 1,875 രൂപയിൽ നിന്ന് 2,125 രൂപയായാണ് വർധിപ്പിച്ചത്. പുതുക്കിയ സംഭരണ വില സവാള കൃഷി ചെയ്യുന്ന കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനൊപ്പം ബഫർ സംഭരണ ശ്രമങ്ങളെ പിന്തുണയ്ക്കുമെന്നും ഉപഭോക്തൃ കാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## INDIA-ISRAEL AGREEMENT

ഇന്ത്യ-ഇസ്രായേൽ ഉഭയകക്ഷി നിക്ഷേപ കരാർ ഇന്നലെ മുതൽ പ്രാബല്യത്തിൽ. 2025 സെപ്റ്റംബർ 8-നാണ് ന്യൂഡൽഹിയിൽ കരാർ ഒപ്പുവച്ചത്. ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്തു ന്നതിനും സുരക്ഷിതമായ നിക്ഷേപ അന്തരീക്ഷം ഉറപ്പാക്കുന്നതിനുമുള്ള ഒരു സുപ്രധാന ചുവടുവെയ്പ്പാണ് ഈ കരാർ.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## BRICS WOMEN MINISTERIAL MEETING

ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്ന ബ്രിക്സ് വനിതാ മന്ത്രിതല യോഗ ത്തിന് ഒരുങ്ങി കൊച്ചി. നാളെയും മറ്റെന്നാളുമായി നടക്കുന്ന ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗത്തിനും തുടർന്നുള്ള രണ്ട് ദിവസങ്ങളിലെ വനിതാ മന്ത്രിതല യോഗത്തിനുമുള്ള തയ്യാറെടുപ്പുകൾ അന്തിമഘട്ട ത്തിലാണ്. 'പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിൽ, കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. നേതൃത്വം, ഭരണം, സാമ്പത്തിക, ഡിജിറ്റൽ ഉൾപ്പെടുത്തൽ, കാലാവസ്ഥാ പ്രവർത്തനം എന്നിവയിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനായി അംഗരാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരെ യോഗം ഒരുമിച്ച് കൊണ്ടുവരും.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## WHATS APP HACK-KERALA POLICE

സംസ്ഥാനത്തെ ബിസിനസ് സ്ഥാപനങ്ങളുടെ വാട്സ്ആപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്ത് സൈബർ തട്ടിപ്പ് വ്യാപകമാകുന്നതായി കേരള പോലീസ്.

സ്ഥാപനങ്ങൾ ജാഗ്രത പാലിക്കണമെന്ന് പോലീസ് മുന്നറിയിപ്പ് നൽകി. സ്ഥാപനങ്ങളുമായി സ്ഥിരമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്ന ഉപഭോക്താക്കളുടെയോ വിതരണക്കാരുടെയോ ഹാക്ക് ചെയ്യപ്പെട്ട വാട്സ്ആപ്പ് അക്കൗണ്ടുകൾ ഉപയോഗിച്ചാണ് തട്ടിപ്പുകൾ നടത്തുന്നത്. അപരിചിതമായ ലിങ്കുകളോ സാധാരണ രീതിക്ക് വിപരീതമായ എക്സ്റ്റൻഷനുകളോ ഉള്ള ഡോക്യുമെന്റുകൾ യാതൊരു കാരണവശാലും ഡൗൺലോഡ് ചെയ്യരുത്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1930 എന്ന സൈബർ ഹെല്പ് ലൈൻ നമ്പറിൽ റിപ്പോർട്ട് ചെയ്യണം.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## CENSUS KERALA

കേരളത്തിൽ സെൻസസ് 2027ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടങ്ങി. ആദ്യ ഘട്ടത്തിൽ ഭവനങ്ങളുടെയും കെട്ടിടങ്ങളുടെയും കണക്കെടുപ്പാണ് ആരംഭിച്ചത്. സെൽഫ് എന്യുമേറേഷൻ നടത്തിയിട്ടുള്ള വർക്ക് ഓൺലൈനിൽ ലഭിച്ച സെൽഫ് എന്യുമറേഷൻ ഐഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ചശേഷമാണ് എന്യുമറേറ്റർമാർ വിവരശേഖരണം പൂർത്തീകരിക്കുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും. ജൂലൈ 31 വരെയാണ് എന്യുമറേഷൻ നടത്തുന്നത്.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## VAIKKOM MUHAMMED BASHEER

ഇന്ന് മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമ വാർഷികദിനം. 1994 ജൂലൈ അഞ്ചിനാണ് ബേപ്പൂർ സുൽത്താൻ കൈരളിയോട് വിട പറഞ്ഞത്. വിവിധ നാടുകളിലെ സഞ്ചാര ങ്ങളിലൂടെ, സൂക്ഷ്മമായ നിരീക്ഷണങ്ങളിലൂടെ താൻ നേടിയെടുത്ത അറിവു കൾ, സരസവും ലളിതവുമായ ഭാഷയിൽ മലയാളിക്ക് കഥകളായും, നോവലുകളായും സമ്മാനിച്ച ബഷീർ, വിവിധ തലമുറകളിൽപ്പെട്ട വായനക്കാരെ സൃഷ്ടിച്ചു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന, പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന സാധാരണക്കാരെ കേന്ദ്ര കഥാപാത്രങ്ങളായി സാഹിത്യ രചന നടത്താമെന്നു തെളിയിച്ച ബഷീർ അതോടെ മലയാളസാഹിത്യത്തിൽ അവർക്കും തങ്ങളുടേതായ ഇരിപ്പിടം നൽകി.

❁✠❁✠❁✠❁✠❁✠❁✠❁✠❁❁✠❁

## WEATHER -KSDMA

കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത യെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം - ലക്ഷദീപ് തീരങ്ങളിൽ മറ്റന്നാൾ വരെയും കർണാടക തീരത്ത് ഇന്നും മത്സ്യബന്ധനത്തിന് പോകാൻ പാടില്ല. അതേസമയം കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

## PURI - ETHANOL (INTRO)

ഒരു നൂറ്റാണ്ടിലേറെയായി രാജ്യത്ത് എഥനോൾ ഉപയോഗത്തിലുണ്ടെന്നും അത് ഒരു പുതിയ ആശയമല്ലെന്നും കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി. സർക്കാരിന്റെ ജൈവ ഇന്ധന മിശ്രിത പരിപാടി യെക്കുറിച്ചുള്ള ക്രിയാത്മക വിമർശനങ്ങളെ സർക്കാർ സ്വാഗതം ചെയ്യുന്നു വെന്നും, നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തു മെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. രാജസ്ഥാനിൽ ഒരു സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

## US - HEATWAVE

അമേരിക്കയിൽ ഉടനീളം കടുത്ത ഉഷ്ണതരംഗം വർധിക്കുന്നതായി റിപ്പോർട്ട്. താപ സൂചിക 46 ഡിഗ്രി സെൽഷ്യസ് കവിയുമെന്ന് യുഎസ് നാഷണൽ വെതർ സർവീസ് അറിയിച്ചു. ഉയർന്ന താപനില വൈദ്യുതി വിതരണ ശൃംഖലകളിൽ കാര്യമായ സമ്മർദ്ദം ചെലുത്തുമെന്നും, ഇത് ഫിഫ ലോകകപ്പ് മത്സരങ്ങളെയും ബാധിക്കുമെന്ന മുന്നറിയിപ്പുള്ളതിനാൽ കടുത്ത ചൂടിനെ നേരിടാൻ ന്യൂയോർക്ക് നഗര അധികൃതർ നടപടികൾ സ്വീകരിച്ചു.

## REV. FIFA WORLD CUP

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ക്വാർട്ടർ ഫൈനലിൽ ഇടം പിടിച്ച് ഫ്രാൻസ്. ഫിലാഡെൽഫിയയിൽ നടന്ന കളിയിൽ പാരഗ്വെയെ ഏകപക്ഷീയമായ ഒരു ഗോളിനാണ് ഫ്രഞ്ച് പട തോൽപ്പിച്ചത്. 70 ആം മിനിറ്റിൽ എംബാപ്പയാണ് പെനാൽറ്റിയിലൂടെ ഫ്രാൻസിനായി വിജയ ഗോൾ നേടിയത്. ക്വാർട്ടറിൽ മൊറോക്കോയാണ് എതിരാളികൾ. കാനഡയെ 3-0 നു പരാജയപ്പെടുത്തി യാണ് ആഫ്രിക്കൻ ചാമ്പ്യൻ മാരായ മൊറോക്കോ ക്വാർട്ടർ ഉറപ്പിച്ചത്.

## WOMENS T20 WC

ഐസിസി വനിതാ ട്വന്റി ട്വന്റി ലോകകപ്പ് ഫൈനൽ ഇന്ന്. ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ട് - ഓസ്ട്രേലിയയെ നേരിടും. ഇരു ടീമുകളും തോൽവി അറിയാതെയാണ് കിരീടപ്പോരാട്ടത്തിന് ഇറങ്ങുന്നത്. സെമിഫൈനലിൽ വെസ്റ്റ് ഇൻഡീസിനെ പരാജയപ്പെടുത്തിയാണ് ഓസ്ട്രേലിയ ഫൈനലിൽ ഇടംപിടിച്ചത്. ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി ഇംഗ്ലണ്ടും ഫൈനലിലേക്ക് യോഗ്യത നേടി.

## CRICKET- IND VS ENG

ഇന്ത്യ- ഇംഗ്ലണ്ട് പുരുഷ ട്വന്റി - ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ടിന് ജയം. മാഞ്ചസ്റ്ററിൽ നടന്ന മത്സരത്തിൽ ഇംഗ്ലണ്ട് ഇന്ത്യയെ 4 വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ത്യ ഉയർത്തിയ 191 റൺസ് വിജയലക്ഷ്യം ഇംഗ്ലണ്ട് 19 ഓവറിൽ മറികടന്നു. അഞ്ചു മത്സര പരമ്പര യിലെ മൂന്നാം മത്സരം ചൊവ്വാഴ്ച നോട്ടിംഗ്ഹാമിൽ നടക്കും.

## DELHI-SIR

ഡൽഹിയിൽ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള പ്രത്യേക തീവ്ര യജ്ഞ ത്തിന്റെ ആദ്യ അഞ്ച് ദിവസങ്ങളിൽ, ആകെ വോട്ടർമാരുടെ 32 ശതമാന ത്തിലധികം പേർക്ക് ഫോമുകൾ വിതരണം ചെയ്തു. ഡൽഹി ചീഫ് ഇലക്ടറൽ ഓഫീസറുടെ കാര്യാലയം പുറത്തുവിട്ട വിവരങ്ങൾ പ്രകാരം ശനിയാഴ്ച വരെ തലസ്ഥാനത്തുടനീളം 46 ലക്ഷത്തി 54 ആയിരത്തി 989 ഫോമുകൾ വിതരണം

ചെയ്യു. ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണനിൽ നിന്ന് ചീഫ് ഇലക്ടറൽ ഓഫീസറും ബൂത്ത് ലെവൽ ഓഫീസറും ഉൾപ്പെടെയുള്ള സംഘം നേരിട്ടെത്തി പൂരിപ്പിച്ച ഫോം സ്വീകരിച്ചു. ഒരു മാസം നീണ്ടുനിൽക്കുന്ന ഭവനസന്ദർശന സർവേ ജൂലൈ 29 വരെ തുടരും.

☸✠☸✠☸✠☸✠☸✠☸✠☸✠☸☸✠☸

## BAIL REJECT

ഡൽഹി കലാപ ഗൂഢാലോചനക്കേസിൽ ഉമർ ഖാലിദ്, ഷർജീൽ ഇമാം എന്നിവർ സമർപ്പിച്ച ജാമ്യാപേക്ഷകൾ ഡൽഹി കോടതി തള്ളി. കർകർദൂമ കോടതിയിലെ അഡീഷണൽ സെഷൻസ് ജഡ്ജി സമീർ ബാജ്പിയാണ് ഇരു പ്രതികളും നൽകിയ ജാമ്യാപേക്ഷകൾ തള്ളിയത്.

☸✠☸✠☸✠☸✠☸✠☸✠☸✠☸☸✠☸

## JK ENCOUNTER

ജമ്മു കശ്മീരിലെ ഷോപ്പിയാൻ ജില്ലയിൽ നിരോധിത സംഘടനയായ ലഷ്കർ-ഇ-തൊയ്ബയിൽപ്പെട്ട രണ്ട് ഭീകരരെ സുരക്ഷാസേന വളഞ്ഞു. മീമന്ദർ മേഖലയിലെ തോട്ടത്തിൽ ഭീകരരുടെ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്ന് വെള്ളിയാഴ്ച ഉച്ചയ്ക്കാണ് തിരച്ചിൽ ആരംഭിച്ചത്. ഏഴ് ഗ്രാമങ്ങൾ ഉൾപ്പെടുന്നതാണ് ഈ പ്രദേശം. പ്രദേശത്ത് ഇരുവിഭാഗവും തമ്മിൽ വെടിവെയ്പ്പ് തുടരുകയാണ്.

☸✠☸✠☸✠☸✠☸✠☸✠☸✠☸☸✠☸
☸✠☸✠☸✠☸✠☸✠☸✠☸☸✠☸
☸✠☸✠☸✠☸✠☸